I/97240/2024

'ഭരണഭാഷ മാതൃഭാഷ'

# കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കൊണ്ടോട്ടി ഗവ കോളേജ് - ശ്രീമതി. സക്കീന ബി.കെ, ലൈബ്രറി അസിസ്റ്റന്റ് - ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നും 10 % ഒഴിവിലേക്ക് എൽ.ഡി ടൈപ്പിസ്റ്റായി നിയമനം നടത്തുന്നതിനുള്ള മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

---

ഉത്തരവ് നമ്പർ:DCETVM/25097/2023-C3 തിയതി: 07-06-2024

---

പരാമർശം 1.08.05.2019 തിയ്യതിയിലെ സി4/18758/കോ.വി.വ നം ഉത്തരവ്.

2.കൊണ്ടോട്ടി ഗവ കോളേജ് പ്രിൻസിപ്പാളുടെ 01.09.2023 തിയതിയിലെ A1-02/2023/NTS/Estt നം കത്ത്.

3.14.02.2024 തിയ്യതിയിലെ എഫ്1/269/2023/ഉ.വി.വ നം സർക്കാർ കത്ത്.

**ഉത്തരവ്**

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ 30.11.2014 വരെ നിയമനം ലഭിച്ച യോഗ്യരായ താഴ്ന്ന തസ്തികയിലുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് 10% പ്രൊമോഷൻ നൽകുന്നതിനുള്ള അന്തിമ മുൻഗണന പട്ടിക പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. കൊണ്ടോട്ടി ഗവ കോളജിലെ ലൈബ്രറി അസിസ്റ്റന്റ് ശ്രീമതി സക്കീന ബി.കെ പ്രസ്തുത പട്ടികയ്ക്ക് അന്തിമ രൂപം നൽകിയ സമയത്ത് ടൈപ്പ് റൈറ്റിങ് യോഗ്യത നേടിയിരുന്നില്ല. എന്നാൽ 25.05.2018 - ൽ ടിയാൾക്ക് യോഗ്യത ലഭിച്ചു. നിലവിൽ എൽ.ഡി ടൈപ്പിസ്റ്റ് തസ്തിയിലേക്ക് 10% പ്രൊമോഷൻ നൽകുന്നതിനുള്ള അന്തിമ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തണം എന്ന് ആവശ്യപ്പെട്ട് ടിയാൾ പരാമർശം (2) അപേക്ഷ സമർപ്പിച്ചിരുന്നു.

ശ്രീമതി സക്കീന ബി.കെ യുടെ മുൻഗണന ടിയാളുടെ നിയമന ശിപാർശ തിയതിയായ 03.11.2006 അടിസ്ഥാനമാക്കി നിർണയിക്കുന്ന പക്ഷം ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള അന്തിമ മുൻഗണന പട്ടികയിൽ ക്രമ നമ്പർ 8 നും 9 നും ഇടയിൽ ഉൾപ്പെടുത്തുന്നതിന് അർഹതയുണ്ട്. ഒരിക്കൽ അന്തിമരൂപം നൽകിയ മുൻഗണന പട്ടികയിൽ മാറ്റം വരുത്തുന്നതിന് സർക്കാർ അനുമതി ആവശ്യമാണ്. ആയതിനാൽ അപേക്ഷ സർക്കാരിലേക്ക് അയക്കുകയും പരാമർശം (3) പ്രകാരം അനുമതി ലഭ്യമാക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ പരാമർശം (3) സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി സക്കീന ബി.കെ, ലൈബ്രറി അസിസ്റ്റന്റ് നെ ലാസ്റ്റ്ഗ്രേഡ് തസ്തികയിലെ മുൻഗണന ക്രമമനുസരിച്ച് ക്രമ നമ്പർ 8 നും 9 നും ഇടയിൽ 8(എ) ആയി ഉൾപ്പെടുത്തി ഉത്തരവാകുന്നു. മേൽ പരാമർശിച്ച ഭേദഗതിയോട് കൂടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

Signed by
Aseem A
Date: 07-06-2024 14:20:17

sd/-
ASEEM A
SENIOR ADMINISTRATIVE OFFICER
0471-2303548
dir.colledn@kerala.gov.in

സ്വീകർത്താവ്

1. പ്രിൻസിപ്പാൾ, ഗവ കോളേജ് കൊണ്ടോട്ടി.
2. ശ്രീമതി സക്കീന ബി.കെ, ലൈബ്രറി അസിസ്റ്റന്റ്.